"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - ബി.എസ്.സി നേഴ്സിംഗ് കോഴ്സ് - മൂവാറ്റുപുഴ സബൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റിനു കീഴിൽ ലൈലാക് നഴ്സിംഗ് കോളേജ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.287/2024/H&FWD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:-
1. സ.ഉ (അ) നം.64/2012/ആ.കു.വ തീയതി 17.02.2012.
2. സബൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റ് ചെയർമാന്റെ 17.03.2024 തീയതിയിലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 29.06.2024 തീയതിയിലെ മെ.വി.വ/2557/2024-ബി4 നമ്പർ കത്തിനോടൊപ്പം ലഭ്യമായ പരിശോധന റിപ്പോർട്ട്.
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 09.09.2024 തീയതിയിലെ മെ.വി.വ/2557/2024-ബി4 നമ്പർ കത്തിനോടൊപ്പം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

എറണാകുളം മൂവാറ്റുപുഴ പ്രവർത്തിക്കുന്ന സബൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റിനു കീഴിൽ, സബൈൻ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ പ്രൈവറ്റ് ലിമിറ്റഡ് -നെ മാതൃ ആശുപത്രിയായി കണക്കാക്കി കൊണ്ട് മൂവാറ്റുപുഴയിൽ ലൈലാക് നേഴ്സിംഗ് കോളേജ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് 80 വിദ്യാർത്ഥി പ്രവേശന ശേഷിയോടെ ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ട് സബൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റ് ചെയർമാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** പരാമർശം (1) ഉത്തരവും ബി.എസ്.സി നേഴ്സിംഗ് കോഴ്സ് സംബന്ധമായ ഇൻഡ്യൻ നേഴ്സിംഗ് കൌൺസിൽ റഗുലേഷനും അടിസ്ഥാനപ്പെടുത്തി പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തി പരാമർശം (3), (4) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധന റിപ്പോർട്ടിൽ 60 വിദ്യാർത്ഥി പ്രവേശന ശേഷി അനുവദിക്കുന്നതിനാവശ്യമായ ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ സബൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റിനു കീഴിൽ സബൈൻ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ പ്രൈവറ്റ് ലിമിറ്റഡ്-നെ മാതൃ ആശുപത്രിയായി പ്രവർത്തിച്ചുകൊണ്ട്, ബി.എസ്.സി നേഴ്സിംഗ്

കോഴ്സ് പഠന വിഷയമായി വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി 60 ആയി നിജപ്പെടുത്തി മൂവാറ്റുപുഴയിൽ ലൈലാക് നഴ്സിംഗ് കോളേജ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് ചുവടെ പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എ)** ബി.എസ്.സി നേഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

**ബി)** 05.07.2021-ൽ നിലവിൽ വന്ന the Indian Nursing Council (Revised Regulations and Curriculum for B.Sc. (Nursing) Program) Regulations, 2020- ലെ MINIMUM REQUIREMENTS OF PHYSICAL FACILITIES എന്ന തലക്കെട്ടിലെ ക്ലോസ് vii പാലിച്ചുകൊണ്ട് കോളേജിനായി സ്വന്തം കെട്ടിടം രണ്ട് വർഷത്തിനകം നിർമ്മിക്കേണ്ടതാണ്.

**സി)** പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

**ഡി)** പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission (LoP) എന്നിവ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ചെയർമാൻ, സബൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റ്, പായിപ്ര ഗ്രാമ പഞ്ചായത്ത്, പേഴയ്ക്കാപ്പിള്ളി പി.ഒ., മൂവാറ്റുപുഴ, എറണാകുളം - 686 673.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്‌ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 16-10-2024 16:31:07
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.